# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | YEAR OF OUR LORD JESUS CHRIST, 2024 JULY | No. 09


**വിശുദ്ധ വേദപുസ്തകം**

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 92:1 – 10**

01. യഹോവെക്കു സ്തോത്രം ചെയ്യുന്നതും അത്യുന്നതനായുള്ളോവേ, നിന്റെ നാമത്തെ കീർത്തിക്കുന്നതും
02. പത്തു കമ്പിയുള്ള വാദിത്രംകൊണ്ടും വീണകൊണ്ടും ഗംഭീരസ്വരമുള്ള കിന്നരംകൊണ്ടും
03. രാവിലെ നിന്റെ ദയയെയും രാത്രിതോറും നിന്റെ വിശ്വസ്തതയെയും വർണ്ണിക്കുന്നതും നല്ലതു.
04. യഹോവേ, നിന്റെ പ്രവൃത്തികൊണ്ടു നീ എന്നെ സന്തോഷിപ്പിക്കുന്നു; ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളെക്കുറിച്ചു ഘോഷിച്ചുല്ലസിക്കുന്നു.
05. യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു; നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നേ.
06. മൃഗപ്രായനായ മനുഷ്യൻ അതു അറിയുന്നില്ല; മൂഢൻ അതു ഗ്രഹിക്കുന്നതുമില്ല.
07. ദുഷ്ടന്മാർ പുല്ലുപോലെ മുളെക്കുന്നതും നീതികേടു പ്രവർത്തിക്കുന്നവരൊക്കെയും തഴെക്കുന്നതും എന്നേക്കും നശിച്ചുപോകേണ്ടതിനാകുന്നു.
08. നീയോ, യഹോവേ, എന്നേക്കും അത്യുന്നതനാകുന്നു.
09. യഹോവേ, ഇതാ, നിന്റെ ശത്രുക്കൾ, ഇതാ, നിന്റെ ശത്രുക്കൾ നശിച്ചുപോകുന്നു; നീതികേടു പ്രവർത്തിക്കുന്ന ഏവരും ചിതറിപ്പോകും.
10. എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.



## നിങ്ങളുടെ അഭിഷേകം സംരക്ഷിക്കുക!

**PROTECT YOUR ANOINTING!**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



എല്ലാ മാസവും 16 വ്യത്യസ്ത ഭാഷകളിൽ ഈ മാസിക വിശ്വസ്തതയോടെ വായിക്കുന്ന ലോകമെമ്പാടുമുള്ള ഞങ്ങളുടെ **വിളിയുടെ പ്രതിധ്വനി** കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ. **ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽനിന്നും ...നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ** (വെളിപ്പാടു 1:4,5).

എന്റെ ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും മനസ്സിലാക്കുകയും ഒരു സുഹൃത്തായും കൂട്ടാളിയായും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന ഒരു ദൈവം എനിക്കുണ്ടെന്ന് അറിഞ്ഞുകൊണ്ട് ഈ വാക്യം എല്ലാ സാഹചര്യത്തിലും എനിക്കു വലിയ ഉറപ്പു നൽകുന്നു. ഈ ഉറപ്പിലൂടെ, ലോകസൃഷ്ടിക്കു മുമ്പുതന്നെ എന്നെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശ്യത്തിലും ആത്മവിശ്വാസത്തോടെ, ആന്തരികസമാധാനത്തോടെ നാളത്തെ അനിശ്ചിതത്വങ്ങളെ നേരിടാൻ എനിക്കു കഴിയും (എഫെസ്യർ 2:10).

3-ാംപേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

An opportunity to pray with Pr. S. Sam Selva Raj!

Message & Prayer in 5 minutes!!

English, Hindi, Tamil & Telugu

Every day – From 2.00 A.M.

Tamil Sunday Service – 8.30 A.M.

* Please Subscribe and Share *

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



**... The Lord will wait, that He may be gracious to you; .... - Isaiah 30:18**

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech.(DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street, Chepauk, Chennai - 600 005, India.
Phone : (+91-44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858, 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call


കർത്താവിൽ പ്രീയപ്പെട്ടവരേ,

യേശുക്രിസ്തുവിന്റെ സമാനതകളില്ലാത്ത നാമത്തിൽ ഞങ്ങൾ നിങ്ങളെ സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യുന്നു.

ദൈവകൃപയാൽ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളും നെഹെമ്യ ബൈബിൾ കോളേജും 2014–2015 അദ്ധ്യയനവർഷത്തിലെ ക്ലാസ്സുകൾ തുടങ്ങാൻ സാധിക്കും. ഈ സ്ഥാപനങ്ങളെ ഓർത്ത് ദയവായി പ്രാർത്ഥിപ്പിൻ.

ഭാവിയിൽ സ്വതന്ത്രമായി ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നവർക്ക് ദൈവശാസ്ത്രത്തിൽ കോഴ്സ് സർട്ടിഫിക്കറ്റ് കൈവശം വച്ചിരിക്കണമെന്നും ഏതെങ്കിലും ശരിയായ സംഘടനയുമായി ബന്ധമുണ്ടായിരിക്കണമെന്നും മനസ്സിലാക്കുന്നു. ഈ വിഷയത്തിൽ നിങ്ങളെ സഹായിക്കാൻ നെഹെമ്യ ബൈബിൾ കോളേജുകൾ തയ്യാറാണ്. വൈകുന്നേരം ക്ലാസ്സുകൾ തമിഴിൽ നടത്തപ്പെടുന്നു. ഹിന്ദിയിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഞങ്ങൾ താമസസൗകര്യവും നൽകുന്നു. ഈ വിഷയത്തിൽ ആവശ്യമുള്ളവർക്ക് ഞങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

ഞങ്ങളുടെ നെഹെമ്യ ബൈബിൾ കോളേജിൽ നിന്നും ബിരുദം നേടി ഇപ്പോൾ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പൂർവ്വവിദ്യാർത്ഥികളുടെ കൂട്ടായ്മയും പൂർവ്വവിദ്യാർത്ഥി യോഗവും 13-06-2024 ൽ നടന്നു. 2023-2024 അദ്ധ്യയന വർഷത്തെ ബിരുദദാന ചടങ്ങും 01-06-2024 വൈകുന്നേരം 5.00 മണിക്ക് നടത്തപ്പെട്ടു. ഈ വർഷം 38 വിദ്യാർത്ഥികൾ ബിരുദം നേടുകയും വിവിധ മിഷനറി സംഘടനകളുമായി ചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു.



*നെഹെമ്യ ബൈബിൾ കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ*



*2023 – 2024 അദ്ധ്യയനവർഷത്തെ ബിരുദദാന ചടങ്ങ്*

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) YouTube Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

നെഹെമ്യ ബൈബിൾ കോളേജിലേക്ക് തമിഴ് ഭാഷയിലും ഹിന്ദി ഭാഷയിലും പഠിക്കുവാനായി കൂടുതൽ വിദ്യാർത്ഥികളെ ആവശ്യമുണ്ട്. ദൈവവേലയിൽ തല്പരരായ ആരെങ്കിലും നിങ്ങളുടെ പരിചയത്തിൽ ഉണ്ട് എങ്കിൽ ദയവായി സഹായിക്കുവിൻ.

ഞങ്ങളുടെ എല്ലാ ശുശ്രൂഷകളും വളരെ സവിശേഷമായ രീതിയിൽ വികസിപ്പിക്കുവാനും നടത്തുവാനുമായി മാസിക ഡിസൈനർമാർ, മാസികയിലെ ലേഖനങ്ങൾ വിവർത്തനം ചെയ്യാൻ കഴിവുള്ളവർ, ഞങ്ങളുടെ അച്ചടിശാലയിൽ പ്രവർത്തിക്കുവാൻ അസിസ്റ്റന്റുമാർ, പ്രസ്സിലെ സാങ്കേതിക വിദഗ്ദർ, മീഡിയ ടെക്നിഷ്യന്മാർ, ഡ്രൈവർമാർ, വാച്ച്മാൻമാർ, കമ്പ്യൂട്ടർ ടൈപ്പിസ്റ്റുകൾ, ഡി.ടി.പി. ഓപ്പറേറ്റർമാർ, ഹൈസ്കൂൾ അദ്ധ്യാപകർ, പള്ളികളിലെ വ്യാഖ്യാതാക്കൾ, മിഷനറിമാർ, പൂർണ്ണസമയ അസിസ്റ്റന്റ് പാസ്റ്റർമാർ തുടങ്ങിയവരെ ആവശ്യമായിരിക്കുന്നു. ശുശ്രൂഷയുടെ എല്ലാ മേഖലയിലും ഞങ്ങളോടൊപ്പം പ്രവർത്തിക്കാൻ പുരുഷന്മാരെയും സ്ത്രീകളെയും ആവശ്യമാണ്. ഇവരൊക്കെ യഥാർത്ഥ ദർശനവും സത്യസന്ധതയും ഉള്ളവരായിരിക്കണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷകൾ പതിന്മടങ്ങ് വർദ്ധിക്കുകയാണ്. എന്നാൽ സഹായിക്കാൻ അനുയോജ്യരായവരെ ലഭിക്കുന്നില്ല. ഞങ്ങളെ പിന്തുണയ്ക്കാൻ നിങ്ങളാൽ കഴിയുന്നതൊക്കെയും ചെയ്യുവിൻ.

ഈ ആധുനിക കാലത്ത് അച്ചടിച്ച മാസികകളും പുസ്തകങ്ങളും വായിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. എല്ലാവരും ഓൺലൈനിൽ വായിക്കാൻ ആഗ്രഹിക്കുന്നു. 40, 50 വർഷങ്ങളായി വിളിയുടെ പ്രതിധ്വനി മാസിക വായിച്ചുകൊണ്ടിരിക്കുന്നവർക്ക് വളരെയധികം പ്രായമായിട്ടുണ്ട്. ചിലർ മഹത്വത്തിലേക്കു പ്രവേശിച്ചു, ചിലർ വൃദ്ധസദനങ്ങളിലാണ്. മുമ്പ് ഇവരൊക്കെ നമ്മുടെ ശുശ്രൂഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് നമ്മുടെ മാസികയുടെ വായനക്കാരിൽ കുറവുണ്ടായത്. നിങ്ങളുടെ കുടുംബാംഗങ്ങളുടെ തപാൽ വിലാസങ്ങളും ഇമെയിൽ വിലാസവും അയച്ചുതന്ന് സഹായിക്കുവിൻ. മാസിക അവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ അഭ്യർത്ഥനകളോട് നിങ്ങളുടെ അനുകൂലമായ പ്രതികരണം ഞങ്ങൾ ആവശ്യപ്പെടുന്നു.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

***പാസ്റ്റർ എസ്. സാം സെൽവരാജ്***

***പാസ്റ്റർ അലക്സ് സാംസൺ സാം***

(+91) 98412 71858/98410 71858

E-mail : sam@echoofhiscall.org

****************************************

**നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!**

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യൂട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

– പാസ്റ്റർ സാം സെൽവരാജ്

****************************************

*[illegible]-ാം പേജിന്റെ തുടർച്ച...*

ദൈവം നമ്മെ ഓരോരുത്തരെയും എത്ര സങ്കീർണ്ണമായി രൂപകൽപ്പന ചെയ്തിരിക്കുന്നു എന്നു ചിന്തിക്കുമ്പോൾ, നമ്മുടെ നിലനിൽപ് ആകസ്മികമല്ലെന്നും, മറിച്ച്, ദൈവിക പദ്ധതിയുടെ ഭാഗമാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഇഹലോക മാതാപിതാക്കൾക്ക് തങ്ങൾ ആവശ്യമില്ലാത്തവരോ അപ്രതീക്ഷിതരോ ആണെന്ന് ഒരാൾ വിശ്വസിച്ചാലും ദൈവം ഓരോ വ്യക്തികളെയും വളരെ ശ്രദ്ധാപൂർവ്വം മെനഞ്ഞിരിക്കുന്നു എന്ന് സങ്കീർത്തനങ്ങൾ 139:13ൽ പറഞ്ഞിരിക്കുന്നു. **നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചതു, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു.** അതിനാൽ, നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായവന്റെ മാർഗ്ഗനിർദ്ദേശത്തോടു ചേർന്ന് ഈ ലോകത്തിൽ നാം സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി അതു നിറവേറ്റുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

ദൈവീക വിളികളും ദാനങ്ങളും നൽകി ദൈവം നമ്മെ അനുഗ്രഹിക്കുന്നത് നമ്മുടെ യോഗ്യതയാലല്ല, മറിച്ച് ദൈവീക സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നിരുന്നാലും ഈ പാതയിൽനിന്നും വഴിതെറ്റിപ്പോകാൻ എളുപ്പമാണ്. നമ്മുടെ സ്നേഹനിധിയായ രക്ഷകന്റെ പാതയിലേക്ക് നമ്മെ തിരികെ നയിക്കാൻ പരിശുദ്ധാത്മാവ് എപ്പോഴും സന്നിഹിതനാണ്.

യിസ്രായേലിന്റെ ആദ്യരാജാവായ ശൗലിന്റെ ജീവിതത്തിന്റെ ഉദാഹരണത്തിലൂടെ ദൈവീക ഉദ്ദേശ്യത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കാൻ കഴിയുന്ന പൊതുവായ ചില നടപടികൾ നമുക്ക് പരിശോധിക്കാം.

**ശൗൽ: തുടക്കമല്ല ഒടുക്കമാണ് പ്രധാനം!**

രാജാക്കന്മാരുടെ രാജാവിന്റെ ഭരണത്തെ നിരസിച്ചുകൊണ്ട് യിസ്രായേൽ ജനത ഒരു രാജാവിനുവേണ്ടി അഭ്യർത്ഥിച്ചപ്പോൾ ദൈവം അവരുടെ ആവശ്യം അംഗീകരിച്ചുകൊടുത്തു. ബെന്യാമീൻ ഗോത്രത്തിൽനിന്നുള്ള ധനികനും പ്രമുഖനുമായ കീശിന്റെ മകൻ ശൗലിനെ ആദ്യത്തെ രാജാവായി അഭിഷേകം ചെയ്തു. ഒരു രാജാവിന് ആവശ്യമായ എല്ലാ ലൗകീക ഗുണങ്ങളും ശൗലിന് ഉണ്ടായിരുന്നു. ദേശത്ത് ഉണ്ടായിരുന്ന എല്ലാവരെക്കാളും ഉയരം അവന് ഉണ്ടായിരുന്നു എന്ന് വചനം പറയുന്നു, **അവൻ എല്ലാവരെക്കാളും തോൾമുതൽ പൊക്കമേറിയവൻ ആയിരുന്നു** (1 ശമുവേൽ 9:2). അങ്ങനെയെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട, അഭിഷിക്തനും കഴിവുള്ളവനുമായ ഈ മനുഷ്യനെ ദാരുണമായ മരണത്തിലേക്ക് നയിച്ചത് എന്താണ്?

**1-ാമത്തെ**
**തെറ്റായ കാൽവയ്പ്**

**അഹങ്കാരം!**

ദൈവം ശൗലിനെ രാജത്വത്തിലേക്ക് വിളിച്ചപ്പോൾ അവന് ആത്മവിശ്വാസം ഇല്ലായിരുന്നു. **ഞാൻ യിസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമീൻ ഗോത്രത്തിലുള്ളവനും എന്റെ കുടുംബം ബെന്യാമീൻ ഗോത്രത്തിലെ സകല കുടുംബങ്ങളിലുംവെച്ചു ഏറ്റവും ചെറുതുമാണ്** (1ശമുവേൽ 9:21). **അഭിഷിക്തനായിട്ടുകൂടി അവൻ ലജ്ജിച്ചു ഒളിക്കാൻ ശ്രമിച്ചു** (1ശമുവേൽ 10:22). തന്റെ കൃപയിൽ

നമ്മെ നിറുത്താൻ കഴിയാത്തിടത്തേക്കു അവൻ നമ്മെ വിളിക്കുകയില്ല എന്ന് ഓർക്കുക. ശൗലിന് യിസ്രായേലിന്റെ ആദ്യരാജാവാകുവാൻ ദൈവത്തിന്റെ കൃപ മാത്രം മതിയായിരുന്നു. അവന്റെ തുടക്കം എളിയതായിരുന്നെങ്കിലും ദൈവം അവനെ അനുഗ്രഹിച്ചു. അവന് വിജയമുണ്ടാകുകയും അത് ആസ്വദിക്കുകയും തുടർ വിജയങ്ങൾ ഉണ്ടാകുകയും ചെയ്തപ്പോൾ നമ്മിൽ പലരെയുംപോലെ അവൻ അഹങ്കാരംകൊണ്ടു അന്ധനായിപ്പോയി.

1ശമുവേൽ 15 ലെ വളരെ പരിചിതമായ ഭാഗത്തിൽ, സ്ത്രീകളെയും കുട്ടികളെയും ഉൾപ്പെടെ ആരെയും വെറുതെ വിടാതെ അമാലേക്യരെ പൂർണ്ണമായും നശിപ്പിക്കാൻ ദൈവം ശൗലിനോടു കല്പിച്ചത് നാം കാണുന്നു. ഇന്നത്തെ കാലത്ത് അത് ക്രൂരമാണെന്നും ദൈവം ക്രൂരനും പ്രതികാരം ചെയ്യുന്നവനാണെന്നും തോന്നിയേക്കാം. എന്നാൽ യിസ്രായേൽ ചരിത്രം പരിശോധിക്കുമ്പോൾ, അമാലേക്യർ ക്ഷീണിതരും ദുർബലരുമായ യിസ്രായേല്യരെ പീഡിപ്പിക്കുകയും ആക്രമിക്കുകയും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തതായി കാണുന്നു.

സൂക്ഷിക്കുക!

സെഖര്യാവ് 2:8ൽ **നിങ്ങളെ തൊടുന്നവൻ അവന്റെ കൺമണിയെ തൊടുന്നു** എന്ന് പറഞ്ഞിരിക്കുന്നു.

തന്റെ പ്രിയപ്പെട്ട സ്വത്തായി താൻ കരുതുന്ന തന്റെ ജനത്തോട് അമാലേക്യർ മോശമായി പെരുമാറിയതിൽ ദൈവത്തിന് അതൃപ്തി തോന്നിയതിനാൽ അവരോടു പ്രതികാരം ചെയ്യാൻ അവൻ ആഗ്രഹിച്ചു. നമുക്കുവേണ്ടി പോരാടാൻ തയ്യാറുള്ള ഒരു ദൈവമാണ് നമുക്കുള്ളതെന്ന് ഓർക്കേണ്ടത് പ്രധാനമാണ്. എന്നാൽ, ശൗലിന്റെ കഥയിൽ വ്യത്യസ്തമായ പ്രതികരണമാണ് നാം കാണുന്നത്. തന്റെ പ്രവൃത്തികളുടെ പേരിൽ ശമുവേൽ തിരുത്തിയപ്പോൾ, കുറ്റം സമ്മതിക്കുകയും അനുതപിക്കുകയും ചെയ്യേണ്ടതിനു പകരം ശൗൽ : **ജനത്തിന്റെ മൂപ്പന്മാരുടെയും യിസ്രായേലിന്റെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിച്ചു, ഞാൻ നിന്റെ ദൈവമായ യഹോവയെ നമസ്കരിക്കേണ്ടതിന്നു എന്നോടുകൂടെ പോരേണമേ എന്നു അപേക്ഷിച്ചു** (1ശമുവേൽ 15:30). അവൻ അംഗീകാരം തേടുകയും സ്വയം ബഹുമാനിക്കപ്പെടാനായി ഒരു സ്മാരകം പണിയുകയും ചെയ്തത് വിനയത്തിൽനിന്നും അഹങ്കാരത്തിലേക്കുള്ള ശൗലിന്റെ പ്രകടമായ മാറ്റമാണ് (1ശമുവേൽ 15:12).

വിജയവും നേട്ടവും പലപ്പോഴും നമ്മുടെ മാനസികാവസ്ഥയിലും മനോഭാവത്തിലും മാറ്റങ്ങൾക്കു കാരണമാകും. താഴ്മയുള്ള മനുഷ്യനിൽനിന്ന് ബഹുമാനവും അംഗീകാരവും തേടുന്ന ശൗലിന്റെ മാറ്റം അഹങ്കാരത്തിന്റെ അപകടങ്ങളെ വ്യക്തമാക്കുന്നു.

അഹങ്കാരം പിടിമുറുക്കുമ്പോൾ, ദൈവം തന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽനിന്നു പിൻവലിച്ച് നമുക്കെതിരെ നില്ക്കുകയും ചെയ്തേക്കാം (യെശയ്യാവ് 63:10). **ദൈവം നിഗളികളോടു എതിർത്തു നിൽക്കയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു** എന്ന് യാക്കോബ് 4:6ൽ പറയുന്നു. നമ്മുടെ സ്വന്തം വാക്കുകളെയും പ്രവൃത്തികളെയും കുറിച്ചു ചിന്തിക്കാനുള്ള ഒരു ഓർമ്മപ്പെടുത്തലാണിത്. "എന്റെ വീട്," "എന്റെ ജീവിതം," അല്ലെങ്കിൽ "എനിക്കു നന്നായി അറിയാം" തുടങ്ങിയ പദങ്ങളിലൂടെ നാം എത്ര തവണ നമ്മുടെ ഉടമസ്ഥാവകാശവും അറിവും ഉറപ്പിക്കുന്നു? നാം ബാഹ്യമായി താഴ്മ പ്രകടിപ്പിച്ചാലും, നമ്മുടെ അഹങ്കാരം വെല്ലുവിളിക്കപ്പെടുമ്പോൾ നമ്മുടെ യഥാർത്ഥ സ്വഭാവം സ്വയം വെളിപ്പെടുത്തിയേക്കാം. "ഞാൻ ആരാണെന്നു നിങ്ങൾക്കറിയാമോ?" അല്ലെങ്കിൽ "എന്നോട് ഇങ്ങനെ സംസാരിക്കാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു?" തുടങ്ങിയ വാക്യങ്ങളിലൂടെ നമ്മുടെ പ്രാധാന്യം ഉറപ്പിക്കുന്നതിനുള്ള പ്രവണത അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെടാം.

ഈ മുന്നറിയിപ്പുകഥ അഭിമാനത്തിന്റെ അപകടങ്ങളിൽനിന്ന് സംരക്ഷികാനുള്ള ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു, പ്രത്യേകിച്ച് നമ്മുടെ ആത്മബോധം ഭീഷണി നേരിടുന്ന നിമിഷങ്ങളിൽ. വ്യക്തികൾ സംസാരിച്ചാലും അല്ലെങ്കിൽ വിശ്വാസം അവകാശപ്പെടുന്നവരുടെ മനസ്സിൽ പ്രതിധ്വനിച്ചാലും "ഞാൻ ആരാണെന്നു നിങ്ങൾക്കറിയാമോ?" എന്ന വാചകം അഹങ്കാരത്തിന്റെ വഞ്ചനാപരമായ സ്വഭാവത്തിനെതിരായ ഒരു മുന്നറിയിപ്പായി വർത്തിക്കണം.

## 2-ാമത്തെ തെറ്റായ കാൽവയ്പ്

## സ്വയവഞ്ചന!

സ്വയവഞ്ചനയുള്ള ഒരാൾ താഴെ പറയുന്ന രീതിയിലുള്ളവരാണ്.

1) ഇല്ലാത്തത് ഉണ്ടെന്നു വിശ്വസിക്കുന്നവർ
2) തങ്ങൾക്ക് ഉള്ളതിനേക്കാൾ കൂടുതൽ ഉണ്ടെന്നു കരുതുന്നവർ
3) ആധികാരികമാണെന്നു ആഗ്രഹിക്കുന്നതിനേക്കാൾ, അല്ലാത്ത ഒന്നായി പ്രത്യക്ഷപ്പെടാനുള്ള ആഗ്രഹം.

ഇനി വേദപുസ്തകം പറയുന്നതു നോക്കാം.

* **നീ അഹങ്കരിക്കാതെ ഭയത്തോടെ ജീവിക്കുക** (റോമർ 11:20)

6-ാം പേജിൽ തുടരും...

റസിഡൻഷ്യൽ ബൈബിൾ കോഴ്സ്
നെഹെമ്യ ബൈബിൾ കോളേജ്, ചെന്നൈ

ECHO OF HIS CALL
1969-2019
REACHING NATIONS

ഭാഷ : ഹിന്ദി

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്
വേദശാസ്ത്രത്തിൽ ഡിപ്ലോമ

അതിവേഗം അഡ്മിഷൻ നേടുവിൻ!

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

* ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് *

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂലൈ 19** ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 20** ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയുടെ പ്രതിബദ്ധതയെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

**ജൂലൈ 21** ⇨ ഞങ്ങളുടെ മുഖ്യസഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്ന അംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 22** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലക്കും പ്രഗത്ഭരായ ജീവനക്കാർക്കുംവേണ്ടി.

**ജൂലൈ 23** ⇨ ബാലാജി നഗറിലും സന്തോഷപുരത്തും വേളാച്ചേരിയിലും ഞായർ ആരാധനകളിൽ പങ്കെടുക്കുന്ന പുതിയ വിശ്വാസികൾക്കായി.

**ജൂലൈ 24** ⇨ യുവജന, ശിശുസംരക്ഷണ ശുശ്രൂഷകൾക്കായുള്ള ഞങ്ങളുടെ ആഗോള കാഴ്ചപ്പാടിനെ അനുഗ്രഹിച്ചതിനായി.

**ജൂലൈ 25** ⇨ 2024-25 അദ്ധ്യയനവർഷത്തിലെ **നെഹെമ്യ ബൈബിൾ കോളേജിലെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും** അഡ്മിഷനായി.

**ജൂലൈ 26** ⇨ മിഷൻ പ്രവർത്തകരിൽനിന്നുള്ള വലിയ പ്രതിബദ്ധതക്കായി.

**ജൂലൈ 27** ⇨ സായാഹ്ന/റെസിഡൻഷ്യൽ **നെഹെമ്യ ബൈബിൾ കോളേജുകളിലെ** കോഴ്സുകളിലേക്ക് പുതിയ വിദ്യാർത്ഥികളെ നൽകി അനുഗ്രഹിച്ചതിനായി.

**ജൂലൈ 28** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിലേക്ക് ഞങ്ങളുടെ 5 മിനിറ്റ് യുട്യൂബ് സന്ദേശങ്ങൾ എത്തിച്ചേരാൻ അനുഗ്രഹിച്ചതിനായി.

**ജൂലൈ 29** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ സഹായിക്കുന്നതിനായി.

**ജൂലൈ 30** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ജൂലൈ 31** ⇨ ഞങ്ങളുടെ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കായും.

**ആഗസ്റ്റ് 01** ⇨ കൂടുതൽ പുതിയ വിശ്വാസികളുമായി മുഖ്യസഭയെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 02** ⇨ നമ്മുടെ സഭകളിലെ പാസ്റ്റർമാർക്കും സന്നദ്ധപ്രവർത്തകർക്കുമായി.

**ആഗസ്റ്റ് 03** ⇨ അർപ്പണബോധമുള്ള അദ്ധ്യാപകരെയും പ്രിൻസിപ്പാളിനെയും നൽകി **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിനെ** അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 04** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ആഗസ്റ്റ് 05** ⇨ ലോകത്തിലെ എല്ലാ ജനങ്ങളുടെയും ആവശ്യങ്ങൾക്കായി.

**ആഗസ്റ്റ് 06** ⇨ നമ്മുടെ ശുശ്രൂഷയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

**ആഗസ്റ്റ് 07** ⇨ ഞങ്ങളുടെ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും നല്ല ആരോഗ്യത്തിനായി.

**ആഗസ്റ്റ് 08** ⇨ ലോകത്തിൽ നിലനിൽക്കുന്ന സാമ്പത്തികമാന്ദ്യം അവസാനിക്കുവാൻ.

**ആഗസ്റ്റ് 09** ⇨ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് മാദ്ധ്യമ മന്ത്രാലയം സംപ്രേഷണം ചെയ്യുന്ന 5 മിനിട്ട് വചനശുശ്രൂഷക്കായി.

**ആഗസ്റ്റ് 10** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ ഇന്നേദിവസം 56-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു.

**ആഗസ്റ്റ് 11** ⇨ ദൈവമക്കൾക്ക് ആത്മീയവും ഭൗതികവുമായ നന്മകൾ ലഭിക്കുവാനായി.

**ആഗസ്റ്റ് 12** ⇨ അവധിക്കാല ബൈബിൾ സ്കൂളിൽ (വി.ബി.എസ്) യേശുക്രിസ്തുവിന്റെ സ്നേഹം സ്പർശിച്ച നൂറുകണക്കിന് കുട്ടികൾ കർത്താവിൽ നിലനിൽക്കുവാനും പതിവായി നമ്മുടെ പള്ളിയിൽ വരാനും.

**ആഗസ്റ്റ് 13** ⇨ മിഷണറിമാർക്കും ദൈവദാസന്മാർക്കുമെതിരായ അക്രമം അവസാനിക്കുവാൻ.

**ആഗസ്റ്റ് 14** ⇨ ദൈവകൃപ ഒരിക്കൽകൂടി ജനങ്ങളിൽ പകരപ്പെടുവാനായി.

**ആഗസ്റ്റ് 15** ⇨ കുടുംബങ്ങളെ വേർപിരിക്കുന്ന സാത്താന്റെ ദുഷ്ട പ്രവർത്തനങ്ങൾ നശിക്കപ്പെടുവാൻ.

**ആഗസ്റ്റ് 16** ⇨ മാരക രോഗങ്ങളാലും വിഷാദത്താലും ബാധിക്കപ്പെട്ടിരിക്കുന്ന ലോകമെമ്പാടുമുള്ളവരുടെ വിടുതലിനായി.

**ആഗസ്റ്റ് 17** ⇨ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**ആഗസ്റ്റ് 18** ⇨ ലോകമെമ്പാടും നടത്തപ്പെട്ട അവധിക്കാല ബൈബിൾ സ്കൂളിലൂടെ രക്ഷിക്കപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി.

4-ാം പേജിന്റെ തുടർച്ച

- ❋ **നിങ്ങൾ നിങ്ങളെക്കുറിച്ചു ഭാവിക്കേണ്ടതിലുപരി സ്വയം ഭാവിക്കാതെ വിനയമുള്ളവരായിരിക്കുക** (റോമർ 12:3).
- ❋ **നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു** (ഓബദ്യാവ് 1:3).

ഈ മാതൃക ശൗലിന്റെ ജീവിതത്തിൽ പ്രകടമാണ്. അവന്റെ അഹങ്കാരം അവനെ അന്ധനാക്കുകയും വഞ്ചിക്കുകയും സ്വയം വഞ്ചനയിലേക്ക് നയിക്കുകയും ചെയ്തു.

നാം എങ്ങനെയാണ് വീഴുന്നത്, ആത്മവഞ്ചനയുടെ കെണിയിൽ വീഴുമ്പോൾ എന്തു സംഭവിക്കും:

## (എ) ദൈവത്തെ പൂർണ്ണമായി അനുസരിക്കാൻ തയ്യാറല്ല!

ഉദാഹരണമായി, **നീ ചെന്ന് അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക** (1ശമുവേൽ 15:3) എന്ന് ദൈവം ശൗലിനോടു കല്പിച്ചു എങ്കിലും അവൻ പൂർണ്ണമായും നശിപ്പിക്കാതെ **മേത്തരമായതൊക്കെയും സൂക്ഷിച്ചു** (1ശമുവേൽ 15:9). അതിനാൽ അവൻ തന്നെത്തന്നെ വഞ്ചിച്ചു. എന്താണ് സൂക്ഷിക്കേണ്ടത് എന്നു തീരുമാനിക്കേണ്ട ഉത്തരവാദിത്വം അവൻ സ്വയം ഏറ്റെടുക്കുകയും അതുവഴി തന്റെ പ്രവൃത്തികൾ ന്യായമാണെന്ന് സ്വയം വിധിക്കുകയും ചെയ്തു. ദൈവത്തിന്റെ നിർദ്ദേശങ്ങളിൽനിന്നു വ്യതിചലിച്ചിട്ടും **ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു** (1ശമുവേൽ 15:13) എന്ന് അവൻ അവകാശപ്പെട്ടു.



പലപ്പോഴും ശൗലിനെപ്പോലെ, നമ്മുടെ പ്രവൃത്തികൾ യഥാർത്ഥത്തിൽ ദൈവഹിതവുമായി പൊരുത്തപ്പെടുന്നു എന്ന് വിശ്വസിക്കാൻ പലപ്പോഴും നമ്മെത്തന്നെ വഞ്ചിക്കുന്നു. ദൈവഹിതത്തിന് അനുസൃതമായി ചെയ്യുന്ന പ്രവൃത്തികൾ മാത്രമേ അവനെ പ്രസാദിപ്പിക്കുന്നുള്ളൂ, എന്നാൽ സ്വയം വഞ്ചന നമ്മുടെ ന്യായവിധിയെ മൂടുന്നു.

## (ബി) തന്റെ തെറ്റ് അംഗീകരിക്കാൻ തയ്യാറല്ല!



അഹങ്കാരവും വഞ്ചനയും അവന്റെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ മരവിപ്പിക്കുകയും ചെവികളെ ബധിരമാക്കുകയും ദൈവത്തിന്റെ ശബ്ദം കേൾക്കുന്നതിൽ നിന്ന് അവനെ തടയുകയും ചെയ്തു. അവൻ ജനങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് ഏറ്റവും നല്ല ആടുകളെയും കാളകളെയും ദൈവത്തിന് ബലി അർപ്പിക്കാൻ നൽകി എന്നു പറഞ്ഞ് തന്റെ തെറ്റ് ആത്മീയവൽക്കരിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് ത്യാഗത്തെക്കാൾ അനുസരണമാണ് നല്ലത് എന്നു ദൈവം ഊന്നിപ്പറയുന്നത്. ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുപകരം നമ്മുടെ പ്രവൃത്തികൾക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്താൻ സ്വയം വഞ്ചന നമ്മെ നയിക്കുന്നു.

## (ബി) സ്വയം താഴ്ത്താൻ തയ്യാറല്ല!

ശൗൽ തന്റെ അഹങ്കാരത്തിന്റെ കൊടുമുടിയിലായിരുന്നു.

- ❋ തനിക്കായി ഒരു സ്മാരകം നിർമ്മിച്ചു;
- ❋ ശമുവേൽ തന്നെ ബഹുമാനിക്കണമെന്ന് നിർബന്ധിച്ചു.
- ❋ ദൈവത്തിന്റെ അംഗീകാരത്തേക്കാൾ അദ്ദേഹം ജനങ്ങളുടെ ബഹുമാനം തേടി.
- ❋ ദൈവത്തിന്റെ മുമ്പിൽ തന്നെത്തന്നെ താഴ്ത്തുകയും പാപമോചനം തേടുകയും ചെയ്യുന്നതിനുപകരം, തന്റെ ജനത്തിന്റെ ഇടയിൽ ഉയർത്തപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചു.

നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും അനന്തരഫലങ്ങളുണ്ട്. ഭാഗികമായ അനുസരണം പൂർണ്ണമായ അനുസരണക്കേടിനു തുല്യമാണ്.

9-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക്, സന്തോഷപുരം, ചെന്നൈ

ECHO OF HIS CALL
REACHING NATIONS

ഭാഷ : തമിഴ്

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

***ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ***

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ – 600 005, ഇന്ത്യ
ഫോൺ : (91– 44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✷ **ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ്** ✷

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി കോഴ്സുകൾ |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമ്പരാഗത ഭവ്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | മെഡിക്കൽ പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനായോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76 പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.
ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2617,
ചെപ്പോക്ക് ചെന്നൈ – 600 005
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ വിളിയുടെ പ്രതിധ്വനി മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യുക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## ദൈവം നമ്മുടെ ചെറിയ പരിശ്രമങ്ങളെ ബഹുമാനിക്കുന്നു!

**യഹോവെക്കു സ്തോത്രം ചെയ്‌വിൻ – നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്നു – അവന്റെ ദയ എന്നേക്കുമുള്ളതു** – സങ്കീർത്തനം 136:1,23

എന്റെ ശുശ്രൂഷാജീവിതത്തിന്റെ തുടക്കം മുതൽ, പ്രതിഫലം പ്രതീക്ഷിക്കാതെ, ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ഏതു വെല്ലുവിളിയും സ്വീകരിക്കുവാനും ദൈവം എനിക്കു മനസ്സു നൽകി. 1976 മുതൽ 1986 വരെ ഞാൻ ജോലി ചെയ്തിരുന്ന സർക്കാർ ഓഫീസിൽനിന്നും അവധി എടുത്ത് സുവിശേഷ യോഗങ്ങൾ ക്രമീകരിക്കുകയും, സ്വന്തം പണം ചെലവഴിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ചെറിയ സുവിശേഷ യോഗങ്ങൾ ക്രമീകരിക്കുകയും അതിൽ പ്രസംഗിക്കുകയും ചെയ്യുന്ന ശീലം എനിക്ക് ഉണ്ടായിരുന്നു.

എന്റെ ആത്മീയ സുഹൃത്തുക്കളെ ഒന്നോ രണ്ടോ മാസത്തിലൊരിക്കൽ എന്നോടൊപ്പം വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോകുവാനും യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ഗ്രാമങ്ങളിലേക്ക് പോകുവാനും വചനത്തിലൂടെ അനേകരുടെ ഹൃദയങ്ങളെ സ്പർശിക്കുവാനും കർത്താവ് എന്നെ സഹായിച്ചു. എനിക്കും എന്റെ സഹപ്രവർത്തകർക്കും ആവശ്യമായ ട്രെയിൻ ടിക്കറ്റുകൾ, ബസ് ടിക്കറ്റുകൾ, താമസ സൗകര്യം എന്നിവക്കായി പണം ചെലവാക്കേണ്ടിയിരുന്നതിനാൽ പലപ്പോഴും എന്റെ ആവശ്യങ്ങൾക്കായി ദൈവത്തെ ആശ്രയിക്കേണ്ടിവന്നു. ദൈവം എന്നെ അത്ഭുതകരമായി സഹായിച്ചു.

ഈ ശുശ്രൂഷയിലൂടെ ചെങ്കൽപെട്ട് ജില്ല, വില്ലുപുരം ജില്ല, മധുര ജില്ല, ട്രിച്ചി ജില്ല, കന്യാകുമാരി ജില്ല, കൊടൈക്കനാൽ, ഊട്ടി, തിരുവനന്തപുരം, പീരുമേട്, ഇടുക്കി, വണ്ടിപ്പെരിയാർ, വിജയവാഡ, ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ വിദൂര സ്ഥലങ്ങൾ സന്ദർശിക്കുവാൻ ദൈവം സഹായിച്ചു. ഞങ്ങളുടെ സംഗീതോപകരണങ്ങളും ലഘുലേഖകളും ബസ്സിലും ട്രെയിനിലുമൊക്കെ കൊണ്ടുപോകുവാൻ എനിക്ക് ശാരീരികമായ പല ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നു. എന്റെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാൽ ശുശ്രൂഷക്കായി ഒരു വാഹനം വാങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. എന്നാൽ ദൈവം എന്റെ മനോഭാവം ശ്രദ്ധിക്കുകയും എന്റെ സാക്ഷ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല (എബ്രായർ 6:10).

പിന്നീട് ഞാൻ മനസ്സിലാക്കിയത് എന്തെന്നാൽ, എന്റെ കൂടെയുണ്ടായിരുന്ന എല്ലാ സഹപ്രവർത്തകരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുകയും അവരെ ഉയർന്ന തലങ്ങളിലേക്ക് ഉയർത്തുകയും അവർ ഇന്നുവരെയും തന്റെ വയൽപ്രദേശത്ത് വേല ചെയ്യുന്നവരാക്കിത്തീർത്തിരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. ഏറ്റവും പുതിയ ഉപകരണങ്ങൾ, കാറുകൾ, വാനുകൾ, തീക്ഷ്ണതയുള്ള സഹപ്രവർത്തകർ തുടങ്ങി എല്ലാ സൗകര്യങ്ങളും നൽകി ദൈവം എന്നെ അനുഗ്രഹിക്കുകയും ഇന്ത്യയിലെ രക്ഷിക്കപ്പെടാത്ത ജനങ്ങളോട് സുവിശേഷം പ്രസംഗിക്കുവാൻ എന്നെ കൂടുതൽ കൂടുതൽ പ്രാപ്തനാക്കുകയും ചെയ്യുന്നു. ദൈവം എന്നെ ആദരിക്കുകയും ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്ക് എന്നെ കൊണ്ടുപോകുകയും നല്ല സുഹൃത്തുക്കളെ നൽകി അനുഗ്രഹിക്കുകയും ചെയ്തു.

അതെ ദൈവം ഇന്നും ജീവിച്ചിരിക്കുന്നു. ഉടനെയുള്ള പ്രതിഫലങ്ങളും ഉയർന്ന സ്ഥാനമാനങ്ങളും നല്ലതല്ലാത്ത ഉദ്ദേശ്യങ്ങളും ഇല്ലാത്ത, തന്നെ സേവിക്കാൻ മുന്നോട്ടു വരാൻ കഴിവുള്ള സന്നദ്ധരായ വ്യക്തികളെ ദൈവം തിരയുന്നു. നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക; ഏറിയനാൾ കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും (സഭാപ്രസംഗി 11:1). അവൻ ആർക്കും കടക്കാരനല്ല.

ദൈവരാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ താല്പര്യമുണ്ടെങ്കിൽ കാറ്റിനെയും മേഘങ്ങളുടെയും ഗതി നോക്കാതെ ഉടനെ ചെയ്യുവിൻ. കാരണം, **കാറ്റിനെ വിചാരിക്കുന്നവൻ വിതെക്കയില്ല; മേഘങ്ങളെ നോക്കുന്നവൻ കൊയ്കയുമില്ല** (സഭാപ്രസംഗി 11:4). ലോകവും ലൗകികരും നിങ്ങളോടൊപ്പം നിൽക്കും.

ഇന്നത്തെ കാലത്ത്, നമ്മുടെ ജനങ്ങൾ അവരുടെ ആരോഗ്യവും പണവും കഴിവുകളും ദൈവരാജ്യത്തിന്റെ വർദ്ധനവിനായി നിക്ഷേപിക്കാൻ ആഗ്രഹിക്കാതെ ഉടനടി ഉയർച്ചയും തത്സമയ പ്രതിഫലവും പ്രതീക്ഷിക്കുന്നു. പ്രിയ സുഹൃത്തേ, യേശുക്രിസ്തുവിന്റെ സുവിശേഷം നിമിത്തം ഞാൻ ശരിക്കും അനുഗ്രഹിക്കപ്പെട്ടവനാണ്. അവന് നിങ്ങളെയും അനുഗ്രഹിക്കാൻ സാധിക്കും. യേശുക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഇപ്പോൾ മുന്നോട്ടുവരാമോ? നിങ്ങളുടെ കുരിശുമെടുത്ത് അവനെ അനുഗമിക്കാൻ കഴിയുമോ? അവന്റെ മഹത്തായ സുവിശേഷം ഏതു വിധത്തിലും, എല്ലാ വിധത്തിലും, എന്തു വില കൊടുത്തും അറിയിക്കുവാൻ ആത്മാർത്ഥമായി താല്പര്യമുള്ളവരെ ദൈവം അന്വേഷിക്കുന്നു (1കൊരിന്ത്യർ 9:22).

**ഇത് നിങ്ങൾ വായിക്കുമ്പോൾ ദൈവത്തിന് നിങ്ങൾക്കുവേണ്ടി ഒരു പ്രത്യേക പദ്ധതിയുണ്ടെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ലൗകിക സമ്പത്തും ആരോഗ്യവും ബന്ധങ്ങളും പ്രശസ്തിയും നിങ്ങളെ ഒരു ദിവസം വഞ്ചിക്കും. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും (യോഹന്നാൻ 14:18). ഇന്നുതന്നെ ഒരു തീരുമാനം എടുക്കുക. ഒരു വലിയ പ്രതിഫലം നിങ്ങളെ കാത്തിരിക്കുന്നു.** ■

....Contd. from page 6

- ✻ ശൗൽ തന്റെ പ്രവൃത്തികളിലൂടെ ദൈവത്തെ ദുഃഖിപ്പിച്ചു.
- ✻ ഇത് അവനെ ദൈവം ഉടനടി നിരസിക്കുന്നതിനു കാരണമായി.
- ✻ ദൈവവും ശമുവേലും അവനെ രാജാവാക്കിയതിൽ ഖേദിച്ചു.

അവൻ വഴിതെറ്റി ദൈവഹിതത്തിൽനിന്നു വ്യതിചലിച്ചു. നാം നമ്മുടെ ജീവിതലക്ഷ്യത്തിൽനിന്നു വ്യതിചലിച്ച് ശൗൽ നയിച്ചതുപോലെയുള്ള ജീവിതം നയിക്കാൻ ഇടവരരുത് എന്നു നമുക്കു പ്രാർത്ഥിക്കാം.

**3–ാമത്തെയും അവസാനത്തെയും തെറ്റായ കാൽവയ്പ്**

↓

**കലാപം**

ശൗലിന്റെ അഹങ്കാരം അവനെ സ്വയവഞ്ചനയിലേക്കു നയിക്കുകയും അതിലൂടെ അവൻ തെറ്റായ വ്യക്തിത്വം ഊഹിച്ചെടുക്കുകയും മത്സരബുദ്ധിയും ധാർഷ്ട്യവും വളരുവാൻ കാരണമാകുകയും ചെയ്തു. കലാപം അനുസരണക്കേടിന്റെയും പിടിവാശിയുടെയും പര്യായമാണ്. അതുമൂലം പല അനന്തരഫലങ്ങളും ഉണ്ടാകുന്നു. കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചുപോകും എന്ന് സദൃശ്യവാക്യങ്ങൾ 29:1 മുന്നറിയിപ്പു നൽകുന്നു. അവന്റെ നാശം പെട്ടെന്ന് അവന്റെമേൽ വരും.

തന്റെ മത്സരസ്വഭാവം തന്നെ മാത്രമല്ല, ഭാവി തലമുറകളെയും ബാധിക്കും എന്നറിയാതെ, ശമുവേലിനായി കാത്തിരിക്കാതെ പുരോഹിതന്മാരുടെ മാത്രം അവകാശമായ യാഗങ്ങൾ അർപ്പിച്ചുകൊണ്ട് തന്റെ മത്സരമനോഭാവം പ്രകടമാക്കി. അവൻ ചെയ്തതുമായി ബന്ധപ്പെട്ട ശാസിക്കപ്പെട്ടപ്പോൾ അവൻ ദുർവാശി കാണിക്കുകയും അതിലൂടെ അവന്റെ രാജത്വം നഷ്ടമാകുകയും ചെയ്തു. അനുസരണക്കേടിന്റെയും കലാപത്തിന്റെയും ഓരോ പ്രവൃത്തിക്കും വലിയ അനന്തരഫലങ്ങൾ ഉണ്ടാകാറുണ്ട്.

അധികാരസ്ഥരോടു കീഴടങ്ങാൻ വിസമ്മതിക്കുന്നതാണ് കലാപം. നമ്മുടെ കുടുംബങ്ങളിൽ നാം നമ്മുടെ മാതാപിതാക്കളോടും പങ്കാളികളോടും കൂടാതെ, മൂപ്പന്മാർ, സഭാനേതാക്കൾ, പാസ്റ്റർമാർ, മാനേജർമാർ, സൂപ്പർവൈസർമാർ എന്നിവർക്കും, എല്ലാറ്റിനുമുപരിയായി ദൈവത്തിനും കീഴ്പ്പെടണം.

കലാപം ഒരു സ്വഭാവം മാത്രമല്ല, അത് ഹൃദയത്തിൽനിന്നും വരുന്നതുമാണ്. അത് നമ്മുടെ ഉള്ളിൽ മാറ്റത്തിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

കലാപത്തെക്കുറിച്ച് വിലപ്പെട്ട പാഠങ്ങൾ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

- ✻ **മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു** (1ശമുവേൽ 15:23)
- ✻ **എന്നാൽ അവർ മത്സരിച്ചു അവന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു; അതു കൊണ്ടു അവൻ അവർക്കു ശത്രുവായിത്തീർന്നു താൻ തന്നേ അവരോടു യുദ്ധം ചെയ്തു** (യെശയ്യാവ് 63:10).
- ✻ **യഹോവയുടെ കൈ നിങ്ങളുടെ പിതാക്കന്മാർക്കു വിരോധമായിരുന്നതുപോലെ നിങ്ങൾക്കും വിരോധമായിരിക്കും** (1ശമുവേൽ 12:15).
- ✻ **ആത്മാവു കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന്നു ജഡസംഹാരത്തിനായി സാത്താന്നു ഏല്പിക്കേണം എന്നു വിധിച്ചിരിക്കുന്നു** (1കൊരിന്ത്യർ 5:5).

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ഹൃദയം കഠിനവും മാറ്റത്തെ പ്രതിരോധിക്കുന്നതും ഊഷ്മളതയുമില്ലാത്തതാണെങ്കിൽ അതിനെ പരിവർത്തനം ചെയ്യാൻ നാം ദൈവത്തിന്റെ സഹായം തേടണം. **എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും** (മത്തായി 24:13) എന്ന് തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ വിളിയും ദാനങ്ങളും മാറ്റാനാവാത്തതാണെങ്കിലും അഹങ്കാരം, സ്വയവഞ്ചന, കലാപം, ദൈവത്തിന്റെ ഉദ്ദേശ്യത്തിൽനിന്നു വ്യതിചലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നമുക്ക് നമ്മുടെ ഉള്ളിലെ പരിശുദ്ധാത്മാവിനെ തടസ്സപ്പെടുത്താൻ കഴിയും, ഇത് പരാജയത്തിലേ നയിച്ചേക്കാം. അഹങ്കാരത്തിന്റെ വിനാശകരമായ സ്വാധീനത്തിനെതിരെ നമുക്ക് ജാഗ്രത പാലിക്കാം, നമ്മുടെ ജീവിതലക്ഷ്യത്തിൽനിന്നു നമ്മെ വ്യതിചലിപ്പിച്ചേക്കാവുന്ന തെറ്റുകൾ തിരിച്ചറിയാനും തിരുത്താനും ശ്രമിക്കാം. നാം ദൈവഹിതവുമായി യോജിച്ചു നിൽക്കുന്നുവെന്ന് ഉറപ്പാക്കാൻ നമ്മുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ സമയമെടുക്കുന്നത് നിർണായകമാണ്. ■


## അടിയന്തിര ആവശ്യങ്ങൾ

## നെഹെമ്യ ബൈബിൾ കോളേജുകൾ

ദൈവീക ശുശ്രൂഷയിൽ ഒരു വർഷത്തെ പരിശീലനം ആവശ്യമുള്ളവർക്കുവേണ്ടി.

1. തമിഴ് ഭാഷയിൽ സായാഹ്ന ബൈബിൾ കോളേജിൽ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ (പുരുഷന്മാരും സ്ത്രീകളും).
2. കാമ്പസിൽ താമസിച്ച് ബൈബിൾ കോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്ന ഹിന്ദി അറിയാവുന്ന പുരുഷന്മാർ.

**98412 71858 ൽ ബന്ധപ്പെടുവിൻ**

കൊയ്ത്തു വളരെയുണ്ട്, വേലക്കാരോ ചുരുക്കം. ദയവായി മുന്നോട്ടു കടന്നു വന്ന് ഞങ്ങളെ സഹായിക്കുവിൻ.

## ഓഫീസ്

ഞങ്ങളുടെ ആലയത്തിന്റെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെയും കമ്പ്യൂട്ടർ ടൈപ്പിസ്റ്റുകളെയും ആവശ്യമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.

**98412 71858 ൽ ബന്ധപ്പെടുവിൻ**


## ദയവായി ശ്രദ്ധിക്കുവിൻ!

### പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ!

**പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുന്ന പത്തു വരികൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ, ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ ഒരു ഫോട്ടോ കൂടെ അയച്ചു തന്നാൽ നന്നായിരുന്നു.**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

**ECHO OF HIS CALL**
**Ministries**
**50th ANNIVERSARY (1974-2024)**

Gospel Crusades

09.08.2024, Friday
10.08.2024, Saturday
11.08.2024, Sunday
Time : 6.00 PM.

Place

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2ND STREET,
CHEPAUK, CHENNAI - 600 005, INDIA.

98412 71858 **Please Pray!**

## OUR BANK DETAILS:

**1. Bank : State Bank of India**

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

**2. Bank : ICICI Bank**

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

**3. Bank : State Bank of India**

(This Account is for Tax Exemption for Indians only)

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് വിളിയുടെ പ്രതിധ്വനിയുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ വിളിയുടെ പ്രതിധ്വനി പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

വിളിയുടെ പ്രതിധ്വനി മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പേ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പേ (9841071858) , ഗൂഗിൾ പേ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JULY, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91-44) 2852 8282, 2852 9293, 2854 7766

**JESUS LOVES YOU!**

To

*GOD BLESS YOU!*

Owned and published by S. Sam Selva Raj from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by S. Sam Selva Raj at Echo of His Call Printers, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: S. Sam Selva Raj.